# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *386** | **19.03.2018-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
,, സി.കെ. ഹരീന്ദ്രൻ
,, ജോർജ് എം. തോമസ്
,, കെ.വി.വിജയദാസ്

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) പതിനൊന്ന് ജില്ലകളിലൂടെ കടന്നു പോകുന്നതും നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെ 1251 കിലോമീറ്റർ നീളത്തിൽ വിഭാവനം ചെയ്തതുമായ മലയോര ഹൈവേയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ആലപ്പുഴ ഒഴികെയുള്ള മറ്റു പതിമൂന്ന് ജില്ലകളിലൂടെയാണ് നിർദ്ദിഷ്ട മലയോര ഹൈവേ കടന്നുപോകുന്നത്. ഇതിന്റെ അലൈൻമെന്റ് ജി.ഒ (എം.എസ്) നമ്പർ 44/2009/പി.ഡബ്ല്യൂ.ഡി തീയതി 06.07.2009 സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ജി.ഒ (ആർ.റ്റി) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി തീയതി 10.07.2017 ഉത്തരവ് പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് മേൽ ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറുണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികൾ ആണ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ തിരുവനന്തപുരം -1

കൊല്ലം - 1, ഇടുക്കി - 2, തൃശ്ശൂർ - 1, എറണാകുളം - 1, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട്-3, വയനാട് - 1, കാസർഗോഡ് - 4, എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിൽ 19 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു കഴിഞ്ഞു. ഇതിൽ തിരുവനന്തപുരം -1 ,കൊല്ലം -1 കാസർഗോഡ് - 2 ഉൾപ്പെടെ 4 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന അന്തിമ ഘട്ടത്തിലാണ്.

**(ബി)** വനമേഖലകളിലൂടെ കടന്നു പോകുന്ന പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സംസ്ഥാന വനം വകുപ്പിന്റെയും പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടോ;

**(ബി)** ഇല്ല.

**(സി)** ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**(സി)** 22/11/2017 ന് ബഹു.വനം വന്യജീവി വകുപ്പ മന്ത്രിയുടെ (കേരള) സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്തു. 24.11.2017 ൽ ബഹു. കേരള വന്യജീവി വകുപ്പ് മന്ത്രി നേരിട്ട് യോഗം വിളിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്ക് വനഭൂമി കടന്നുപോകുന്ന ഭാഗത്തിന്റെ അലൈൻമെന്റ് സ്കെച്ചും വിവരങ്ങളും ഉൾപ്പെടെ കത്ത് നൽകുകയും അതാത് ജില്ലയിലെ ഡി.എഫ്.ഒ മാരെ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബന്ധപ്പെട്ടപ്പോൾ വനഭൂമി

ആവശ്യമായി വരുന്ന സ്ഥലത്ത് സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകാനും ആവശ്യപ്പെട്ടിരുന്നു. ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ 4 ജില്ലകളിൽ സംയുക്ത പരിശോധന കഴിഞ്ഞു. മറ്റു ജില്ലകളിൽ സംയുക്ത പരിശോധനനടത്തുന്നതിനും ഡി.എഫ്.ഒ മാർക്ക് വനഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കാനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ സർവ്വേ നമ്പർ സഹിതമുള്ള റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരിൽ നിന്ന് ലഭിച്ച ശേഷം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അപേക്ഷ സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ